ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ):

(എ) ഉണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു †

പറമ്പിക്കുളം–മുല്ലപ്പെരിയാർ നദീജല കരാറുകളുടെ ലംഘനത്തിനെതിരെ നടപടി

*5 [74] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം–മുല്ലപ്പെരിയാർ നദീജല കരാറുകൾ സംബന്ധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി 3-3-1994-ൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചുവോ;

(ബി) അംഗീകരിച്ചെങ്കിൽ പറമ്പിക്കുളം–അലിയാർ കരാറിന്റെയും മുല്ലപ്പെരിയാർ കരാറിന്റെയും നിയമസാധുതയെപ്പറ്റി നിയമവിദഗ്ദ്ധന്മാരുടെ അഭിപ്രായം തേടിയോ;

(സി) നിയമസാധുത ഉണ്ടെങ്കിൽ റിപ്പോർട്ടിൽ പറയുന്ന കരാർ ലംഘനങ്ങൾക്ക് എതിരായി എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച കരാർ ലംഘനങ്ങൾ ഇപ്പോഴും നടക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) പറമ്പിക്കുളം–അലിയാർ ഷെഡ്യൂൾ ഖണ്ഡിക 5(എ)-യിൽ പറയുംപ്രകാരം കരാർ ലംഘനങ്ങൾ ജെ. ഡബ്ലിയു. ആർ. ബോർഡിൽ ഉന്നയിക്കണമെന്ന് ഇതിൽ പങ്കെടുത്ത ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഉന്നയിക്കുകയുണ്ടായോ; എങ്കിൽ ബോർഡ് എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപടികൾ എടുത്തുവരികയാണ്.

(ബി) ഈ കരാറുകളുടെ നിയമ സാധുതയെപ്പറ്റി അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടി.

(സി) സമിതി ചൂണ്ടിക്കാണിച്ചിട്ടുള്ള കരാർ ലംഘനങ്ങൾ കത്തു മുഖേന മുൻ കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയെ അറിയിക്കുകയും മറുപടിയായി തമിഴ്നാടിന്റെ ഭാഗത്തുനിന്നും കരാർ ലംഘനങ്ങൾ ഉണ്ടായിട്ടില്ല എന്നുമാണ് പറഞ്ഞിരിക്കുന്നത്. ലംഘനങ്ങൾ മൂലം ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി റിപ്പോർട്ടു ചെയ്യുവാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരാർ റിവ്യു ചെയ്യുന്നതിന്റെ ഭാഗമായി ഒരു മന്ത്രിതല ചർച്ചയ്ക്കുവേണ്ടി തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ടുവരുന്നു.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിശോധിച്ചു വരുന്നു.

(ഇ) സംസ്ഥാനത്തിന് ഹാനികരമല്ലാത്ത രീതിയിൽ പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇരു സംസ്ഥാനങ്ങളിലെയും മന്ത്രിതലത്തിൽ പ്രശ്ന പരിഹാരത്തിന് പ്രയത്നം നടന്നുകൊണ്ടിരിക്കുന്നതിനാൽ ഇക്കാര്യം ബോർഡിൽ ഉന്നയിച്ചില്ല.

പമ്പ-അച്ചൻകോവിൽ നദീജലം തമിഴ്നാട്ടിലേക്ക് കടത്തുന്നതിനെതിരെ നടപടി

*6 [75] ശ്രീ. കെ. ഇ. ഇസ്മയിൽ:

,, പി. എസ്. ശ്രീനിവാസൻ:

,, സി. കെ. ചന്ദ്രപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ വൈഗ ലിങ്ക് വഴി തമിഴ്നാട്ടിലേക്ക് ജലം തിരിച്ചുവിടുന്നതിന് നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ജലം തിരിച്ചുവിടുന്നത് ഭാവിയിൽ മദ്ധ്യതിരുവിതാംകൂർ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ജലം തിരിച്ചുവിടുന്നതിന്റെ ഫലമായി ഉണ്ടായേക്കാവുന്ന പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥ, എക്കോ-സിസ്റ്റത്തിലെ മാറ്റം എന്നിവ പരിഗണിച്ച് പ്രസ്തുത നിർദ്ദേശം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) റിപ്പോർട്ട് സർക്കാർ വിശദമായി പഠിക്കുകയും ഉചിതമായ മറുപടി കേന്ദ്ര സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. വിശദമായ പഠനങ്ങൾ സർക്കാരിനുവേണ്ടി കോഴിക്കോട്ടുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രം നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ ജലവിഭവ കൗൺസിൽ യോഗം

*7 [76] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:

,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലവിഭവ കൗൺസിൽ യോഗം ഏറ്റവും ഒടുവിൽ ചേർന്നതെന്നാണ്;

(ബി) പ്രസ്തുത യോഗത്തിൽ കേന്ദ്ര ജലവിഭവ മന്ത്രാലയം തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ചർച്ചചെയ്തിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly